# തലശ്ശേരി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
## ക്രിസ്മസ് പരീക്ഷ 2018-2019

| | | | |
|---|---|---|---|
| ക്ലാസ്സ് : | VIII | സമയം : | 2 മണിക്കൂർ |
| തീയതി : | 09-12-2018 | മാർക്ക് : | 70 |

**ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** 5

1. ദൈവത്താൽ അയക്കപ്പെട്ട ആദ്യപ്രേഷിതൻ.
(ഈശോ, മോശ, അബ്രാഹം)
2. കുഷ്ഠരോഗികളെ പരിചരിച്ച് കുഷ്ഠരോഗിയായി മരിച്ച വ്യക്തി.
(ഫാ. ഡാമിയൻ, തേവർപറമ്പിൽ കുഞ്ഞച്ചൻ, വി. വിൻസന്റ് ഡി പോൾ)
3. സഭയിൽ നമ്മെ അംഗങ്ങളായിത്തീർക്കുന്ന കൂദാശ.
(തിരുപ്പട്ടം, അനുരഞ്ജനകൂദാശ, മാമ്മോദീസ)
4. കർത്താവു കല്പിച്ചിട്ടുള്ളതെല്ലാം അനുഷ്ഠിക്കാൻ ജനത്തെ പഠിപ്പിക്കാൻ കടപ്പെട്ടവൻ.
(അദ്ധ്യാപകർ, പുരോഹിതൻ, അല്മായൻ)
5. "മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നല്കുന്നതിനുമുമ്പേ ഞാൻ നിന്നെ അറിഞ്ഞു." ആരോടാണ് ദൈവം ഇപ്രകാരം പറഞ്ഞത്.
(ഏശയ്യ, ജറെമിയ, ആമോസ്)

**പേരെഴുതുക** 5

6. കുരിശിന്റെ വഴിക്ക് ഔദ്യോഗിക അംഗീകാരം നല്കിയ പാപ്പ?
7. വിശ്വാസിയായ ഏതൊരു മനുഷ്യന്റെയും ജീവിതലക്ഷ്യം.
8. ഓസ്ട്രേലിയായിലെ സീറോമലബാർ രൂപത.
9. നന്മചെയ്തവരെ മഹത്വീകരിക്കുകയും തിന്മചെയ്തവരെ ശിക്ഷിക്കുകയും ചെയ്യുന്ന മഹത്വപൂർണ്ണമായ കർമ്മം.
10. പുതിയ നിയമത്തിലെ ഏത് പുസ്തകത്തിനാണ് ദാനിയേലിന്റെ പുസ്തകത്തോട് സാദൃശ്യമുള്ളത്?

**ഒറ്റവാക്കിൽ ഉത്തരമെഴുതുക** **5**

11. 'രക്ഷയുടെ ഭവനം' എന്നർത്ഥമുള്ള സുറിയാനി പദം.
12. പഞ്ചഗ്രന്ഥിക്ക് യഹൂദർ നല്കിയ പേര്?
13. ഏറ്റവും വലിയ പ്രവാചകൻ.
14. മാർത്തോമ്മാ നസ്രാണികളുടെ അവസാനത്തെ സുറിയാനി മെത്രാപ്പോലീത്ത?
15. മിശിഹായുടെ ശരീരമായിരിക്കുന്ന സഭയുടെ അടിസ്ഥാന സ്വഭാവം.

**പൂരിപ്പിക്കുക** **5**

16. തലശ്ശേരി അതിരൂപതയ്ക്ക് ........................... ഫൊറോനകളാണ് ഉള്ളത്.
17. സ്ത്രീപുരുഷ സ്നേഹത്തിന്റെ അടിസ്ഥാനമായി നിലകൊള്ളുന്ന ഘടകം .............ആണ്.
18. സ്വർഗ്ഗരാജ്യത്തിന്റെ പുളിമാവായി ....................ലോകത്തിൽ വ്യാപരിക്കണം.
19. ലൈംഗികാഗ്രഹത്തെ ............. എന്ന പുണ്യം കൊണ്ട് നിയന്ത്രിക്കാം.
20. ദാനം ചെയ്യുന്നത് ദൈവത്തിന് സ്വീകാര്യമായ ........................ ആണ്.

**ചേരുംപടി ചേർക്കുക** **5**

| | | |
|---|---|---|
| 21. തോമ്മാശ്ലീഹാ | - | 1988 |
| 22. വി. ഫ്രാൻസീസ് സേവ്യർ | - | 1996 |
| 23. കല്യാൺ | - | അമേരിക്ക |
| 24. തക്കല | - | ബോം ജീസസ്സ് ബസ്ലിക്ക |
| 25. ഷിക്കാഗോ | - | കൊടുങ്ങല്ലൂർ |

**ബൈബിളിൽനിന്നും ഉദ്ധരിക്കുക** **5**

26. ഈ ലോകത്തിലെ തീർത്ഥാടനത്തിന്റെ അവസാനം ഈശോ നമ്മെ മഹത്വപൂർണ്ണമായ സ്വർഗ്ഗത്തിലേക്ക് കൂട്ടിക്കൊണ്ടുപോകുമെന്ന് സൂചിപ്പിക്കുന്ന തിരുവചനം വി. യോഹന്നാന്റെ സുവിശേഷത്തിൽ നിന്ന് (യോഹ 14:3)

27. മറ്റുള്ളവർക്ക് നൽകുന്ന സഹായങ്ങൾ ദൈവത്തിനു തന്നെ നല്കുന്ന സഹായമാണെന്ന് വ്യക്തമാക്കുന്ന ബൈബിൾ വാക്യം വി. മത്തായിയുടെ സുവിശേഷത്തിൽ നിന്ന് (മത്തായി 25:40).

**ഉത്തരം എഴുതുക**

28. തനതുവിധി എന്നാലെന്ത്? 2

29. ശുശ്രൂഷാപൗരോഹിത്യം എന്നാലെന്ത്? 2

30. സഭാമക്കളുടെ പ്രവാചകദൗത്യം എന്നതുകൊണ്ട് എന്താണ് മനസ്സിലാക്കുന്നത്? 3

31. ദൈവം നല്കിയ ലൈംഗികനിയമങ്ങളിൽ ഏതെങ്കിലും ആറെണ്ണമെഴുതുക? 3

32. ദൈവത്തിന് യഥാർത്ഥ ആരാധനയർപ്പിക്കുന്ന പുരോഹിതജന മായി മാറാൻ നാം എന്തു ചെയ്യണം? 3

33. ഉത്ഥാനത്തിലുള്ള പ്രത്യാശയാണ് ഒരുവന് പങ്കുവയ്ക്കുന്നതിനുള്ള പ്രേരണ നല്കുന്നത്. സമർത്ഥിക്കുക? 4

34. ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പുമാകാനുമുള്ള വിളിയാണ് പ്രവാചകന്റേത്. വിശദമാക്കുക? സമൂഹം നേരിടുന്ന തിന്മകൾക്കെതിരെ പ്രവാചകശബ്ദമാകുവാൻ നിങ്ങൾക്ക് എങ്ങനെയെല്ലാം സാധിക്കും? 4

35. ക്രൈസ്തവജീവിതം സ്വർഗ്ഗീയ ജീവിതത്തിന്റെ മുന്നനുഭവമാകു ന്നതെങ്ങനെ? സ്വർഗ്ഗീയ ജീവിതം സ്വന്തമാക്കാൻ നിങ്ങളെന്തൊക്കെ ചെയ്യും? 4

36. 'എത്രയും ദയയുള്ള മാതാവേ' എന്ന ജപം എഴുതുക 5

37. സത്യത്തിനു സാക്ഷ്യം വഹിക്കേണ്ടവനാണ് ക്രൈസ്തവൻ. വിശദമാക്കുക? സത്യത്തിന് സാക്ഷ്യം വഹിക്കാൻ നിങ്ങൾക്ക് എന്തൊക്കെ ചെയ്യാൻ സാധിക്കും? 5

38. ഗർഭനിരോധനത്തെക്കുറിച്ചുള്ള സഭാവീക്ഷണങ്ങളിൽ ഏതെ ങ്കിലും അഞ്ചെണ്ണമെഴുതുക? 5